ഷ്ടങ്ങൾക്ക് പരിഹാരമായി സർക്കാർ നിശ്ചയിക്കുന്ന ഒരു തുക സർക്കാരിന് കൊടുക്കേണ്ടതാണ്. ഇതിനായി 'Polluter Day Principle' ആണ് കോടതി അവലംബിച്ചത്.

(2) നാശനഷ്ടങ്ങൾക്ക് കൈവശക്കാരൻ നൽകേണ്ട നഷ്ടപരിഹാരത്തിന്റെ തോത് വന-റവന്യൂ വകുപ്പുകളുമായി ആലോചിച്ച് സർക്കാർ നിശ്ചയിക്കേണ്ടതാണ്.

കോടതി ഉത്തരവിന്റെ വെളിച്ചത്തിലാണ്, ഈടാക്കേണ്ട തുക നിശ്ചയിച്ച് താഴെപ്പറയുന്ന നിബന്ധനയ്ക്കും മാർഗ്ഗ നിർദ്ദേശങ്ങളും പുറപ്പെടുവിച്ചത്.

(1) 25 സെന്റിൽ താഴെയുള്ള കൈവശക്കാർ നഷ്ടപരിഹാര തുക അടയ്ക്കേണ്ടതില്ല.

(2) കയ്യേറ്റംമൂലം പരിസ്ഥിതിക്ക് വരുത്തിയ നാശനഷ്ടങ്ങളും, വനവൽക്കരണത്തിനായി ചെലവഴിയ്ക്കേണ്ട തുകയും കണക്കിലെടുത്ത് ഏക്കറൊന്നിന് 5000/- രൂപാ വച്ച് കൈവശക്കാർ നഷ്ടപരിഹാരം നൽകേണ്ടതാണ്.

(3) നഷ്ടപരിഹാര തുക നൽകുന്നതിൽനിന്നും പട്ടികജാതി-പട്ടിക വർഗ്ഗക്കാരെ ഒഴിവാക്കിയിരിക്കുന്നു.

(4) നഷ്ടപരിഹാര തുക മുഴുവൻ നൽകിയ ശേഷമേ പട്ടയം നൽകുകയുള്ളു.

(ജി) പട്ടയം ലഭിക്കുന്നതിന് 25 സെന്റിൽ താഴെയുള്ള കൈവശക്കാർ നഷ്ടപരിഹാരത്തുക അടയ്ക്കേണ്ടതില്ല. 25 സെന്റിൽ കൂടുതലുള്ളവർ പട്ടയം ലഭിയ്ക്കേണ്ടതിന് ഏക്കറൊന്നിന് 5000/- രൂപാ വച്ച് നഷ്ടപരിഹാരത്തുകയായി നൽകേണ്ടതാണു്. കോടതിവിധിയിലെ നിബന്ധനയനുസരിച്ച് തുക ഗഡുക്കളായി അടയ്ക്കാൻ വ്യവസ്ഥയില്ല. പട്ടയം ലഭിക്കുന്നതിന് കൈവശക്കാർ 50 സെന്റു വരെ തറവില നൽകേണ്ടതില്ല. 51 സെന്റ് മുതൽ 2 ഏക്കർ വരെ ഏക്കർ ഒന്നിന് 1000 രൂപ വീതവും, 2 ഏക്കറിന് മുകളിൽ ഏക്കറൊന്നിന് 2000 രൂപ വീതവും തറവില നൽകേണ്ടതാണ്. മുൻപ് നിശ്ചയിച്ചിരുന്ന തറവിലയിൽ വർദ്ധനവൊന്നും ഉണ്ടായിട്ടില്ല.

(എച്ച്) ഉണ്ട്.

പട്ടയവിതരണത്തിന്റെ സുതാര്യമായ നടത്തിപ്പിന് നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ പാർട്ടികളുടെ കർഷക സംഘടനയിലെ പ്രതിനിധികൾ ഉൾപ്പെടുന്ന ഉപദേശക സമിതി കൊല്ലം, പത്തനംതിട്ട, എറണാകുളം എന്നീ ജില്ലകളിൽ ജില്ലാ തലത്തിൽ രൂപീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലും ഇടുക്കി ജില്ലയിലും സ്പെഷ്യൽ ലാന്റ് അസൈൻമെന്റ് യൂണിറ്റ് തലത്തിൽ ഉപദേശക സമിതി രൂപീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഐ) കേന്ദ്ര അംഗീകാരം ലഭിച്ച 28588.159 ഹെക്ടർ ഭൂമിക്ക് മുഴുവനും ആറു മാസത്തിനകം പട്ടയം നൽകാനുള്ള നടപടി എടുത്തുവരുന്നു.

22 (*139) **തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആഡിറ്റ്**

ശ്രീ. ആര്യാടൻ മുഹമ്മദ് :
ശ്രീ. പി.പി. തങ്കച്ചൻ :
ശ്രീ. പി.ജെ. ഫ്രാൻസിസ് :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി ശോഭനാ ജോർജ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണത്തിനുവേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ തുകയിൽ കേന്ദ്ര-സംസ്ഥാന വിഹിതത്തിൽപ്പെട്ട തുകയുടെ വിനിയോഗത്തെപ്പറ്റി ആഡിറ്റ് നടത്തേണ്ട അധികാരസ്ഥൻ ആരെന്ന് വ്യക്തമാക്കുമോ?

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സ്വന്തം ഫണ്ടുകൾ വിനിയോഗിച്ച് നടത്തിയ ചെലവുകളെ സംബന്ധിക്കുന്ന ആഡിറ്റ് നടത്തേണ്ടത് ഏത് അധികാരസ്ഥനാണ്;

(സി) ഇതിന് മുൻപുള്ള സാമ്പത്തിക വർഷങ്ങളിൽ ജനകീയാസൂത്രണത്തിന്റെ പേരിൽ നടത്തിയ ചെലവിനെ സംബന്ധിച്ച തുകയെപ്പറ്റി ഈ അധികാരസ്ഥൻമാർ ആഡിറ്റ് നടത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഈ തുകകളെ സംബന്ധിക്കുന്ന ആഡിറ്റ് നടത്തുന്നതിനുള്ള സമയപരിധി നിർണ്ണയിക്കുകയും അതിന് മുൻപായി ആഡിറ്റ് നടത്താനുള്ള നിർദ്ദേശം നൽകുകയും ചെയ്യുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ്കുട്ടി) :

(എ) ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ്.

(ബി) ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ്.

(സി) ആഡിറ്റ് നടത്തിവരുന്നു.

(ഡി) സമയപരിധി നിഷ്കർഷിച്ചിട്ടുണ്ട്. ലോക്കൽ ഫണ്ട് ജില്ലാ എക്സാമിനറുടെ മേൽനോട്ടത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ആഡിറ്റ് സമയബന്ധിതമായി നടത്തിവരുന്നു.

23 (*140) ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ

ഡോ. കെ.സി. ജോസഫ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. ആന്റണി രാജു :
ശ്രീ. പി.സി. ജോർജ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) ചെറുകിട വ്യവസായികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുവാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്;

(സി) കെ.എസ്.ഐ.ഡി.സി., കിൻഫ്ര, ഹഡ്കോ എന്നിവയുടെ ഇതിനായുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ചെറുകിട വ്യവസായ മേഖലയിലെ പീഡിത യൂണിറ്റുകൾ കണ്ടെത്തി അവ പുനരുദ്ധരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly